നടപ്പിൽ വരുകയാണെങ്കിൽ അന്താരാഷ്ട്രീയ ഭൂ–ജൈവമണ്ഡല പഠനം ഇന്ത്യയെപ്പോലുള്ള ദരിദ്രരാജ്യങ്ങളിൽ അഭൂതപൂർവമായ ശാസ്ത്രീയാഭിവൃദ്ധിക്കു പ്രേരകമായിത്തീരും. അന്യഥാ ലഭിക്കുമെന്നു പ്രതീക്ഷിച്ചുകൂടാത്ത അവസരങ്ങളായിരിക്കും പിൻനില രാജ്യങ്ങളിലെ ശാസ്ത്രജ്ഞർക്ക് ഇത്തരമൊരു അന്താരാഷ്ട്രീയ സംരംഭത്തിലൂടെ കൈവരിക. താൻ ജീവിക്കുന്ന പരിസരത്തെയും തന്നെയുംപററി കൂടുതൽ തീവ്രമായ ബോധം മനുഷ്യനു കൈവരുത്താൻ ഈ പഠനം ഉപകരിക്കും.

പക്ഷേ, മുൻകൈ എപ്പോഴും, എവിടെയും, ദീർഘവീക്ഷണമുള്ള ശാസ്ത്രജ്ഞർക്കല്ല, ഹ്രസ്വദൃഷ്ടികളായ രാഷ്ട്രീയക്കാർക്കാണ്. അതാണു കുഴപ്പം.

(7 ഫെബ്രുവരി, 1985)

# 17. 1986: അന്താരാഷ്ട്രീയ സമാധാനവർഷം

രാഷ്ട്രങ്ങൾക്കിടയിൽ സമാധാനവും സുരക്ഷിതത്വവും നിലനിർത്തുന്നതിനും ഈ ലക്ഷ്യം നേടുന്നതിന് ആവശ്യമായ രാഷ്ട്രീയ–സാമ്പത്തിക–സാമൂഹ്യ സാഹചര്യങ്ങൾ നിലവിൽ വരുത്തുന്നതിനായി പരസ്പരം സഹകരിക്കുന്നതിനും പ്രതിജ്ഞചെയ്തിട്ടുള്ള രാഷ്ട്രങ്ങളുടെ ഒരു കൂട്ടായ്മയാണ് ഐക്യരാഷ്ട്രസമിതി. 1945 ഒക്ടോബർ 24-ാം തീയതിയാണ് ഐക്യരാഷ്ട്രസമിതി ഔപചാരികമായി ജന്മമെടുത്തത്. 1985 ഒക്ടോബറിൽ ഐക്യരാഷ്ട്രസമിതിയുടെ നാല്പതാം പിറന്നാൾ ആഘോഷിക്കപ്പെടുന്നതായിരിക്കും.

'നമ്മുടെ ആയുഷ്കാലത്തിനിടയ്ക്കുതന്നെ രണ്ടുതവണ മനുഷ്യവർഗത്തിനു വിവരിക്കാനാവാത്ത ദുഃഖം വരുത്തിവെച്ച യുദ്ധമെന്ന ശാപത്തിൽനിന്ന് വരും തലമുറകളെ രക്ഷിക്കുക' എന്നതാണ് ഐക്യരാഷ്ട്രസമിതിയുടെ ചാർട്ടിൽ നിർവചിച്ചിട്ടുള്ള മുഖ്യലക്ഷ്യം. ഈ ലക്ഷ്യം ഇന്നും എത്രയോ വിദൂരത്തിൽ വർത്തിക്കുന്നതേയുള്ളൂ. ഐക്യരാഷ്ട്ര സമിതി സ്ഥാപിച്ചതിനുശേഷം, അതിലെ അംഗരാഷ്ട്രങ്ങൾതന്നെ ഉൾപ്പെട്ട പല യുദ്ധങ്ങളും ലോകത്തിന്റെ പല ഭാഗങ്ങളിലും നടക്കുകയുണ്ടായി. ലെബനോനിൽ ഇസ്രയേലികളും അറബികളും തമ്മിലും, മധ്യപൗരസ്ത്യ പ്രദേശത്ത് ഇറാനികളും ഇറാഖികളും തമ്മിലുമുള്ള സമരം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. വിയററ്നാമിന്റെ ഇടപെടലോടുകൂടി ഒരു ആഭ്യന്തരയുദ്ധം കമ്പൂച്ചിയയിൽ നടന്നുവരുന്നു. മധ്യഅമേരിക്കയിലും ആഫ്രിക്കയിലും ഏഷ്യയിലുമുള്ള പല രാജ്യങ്ങളിലും ആഭ്യന്തരയുദ്ധത്തിന്റേതായ കാലാവസ്ഥ നിലനില്ക്കുന്നു, ജനാധിപത്യാവകാശങ്ങൾ മുഴുവൻ ഉല്ലംഘിക്കുന്ന പട്ടാള–ഏകാധിപത്യ–ഭരണങ്ങളാണ് പല രാജ്യങ്ങളിലും.

മൂന്നാംലോകമഹായുദ്ധം ഇനിയും തിരശ്ശീലനീക്കി അരങ്ങത്ത് എത്തിയിട്ടില്ല എന്നത് ആശ്വാസകരംതന്നെ. എങ്കിലും സമാധാനകാലാവസ്ഥ ഇപ്പോഴും മനുഷ്യവർഗത്തെ അനുഗ്രഹിക്കുന്നില്ല. യുദ്ധഭീതി എല്ലാ രാഷ്ട്രങ്ങളെയും ഗ്രസിച്ചിരിക്കുന്നു. രാഷ്ട്രങ്ങൾക്കിടയിൽ ഉഗ്രമായ സംഘർഷം നിലനിന്നുവരുന്നു. ഫലമോ? മൊത്തം ദേ

ശിയോല്പാദനത്തിൽ ഗണ്യമായ ഒരു പങ്ക് ആയുധനിർമ്മാണത്തിനും സൈന്യസജ്ജീകരണത്തിനുമായി ചെലവിടാൻ എല്ലാ രാഷ്ട്രങ്ങളും നിർബ്ബന്ധിതങ്ങളായിരിക്കുന്നു. ദരിദ്രർ കൂടുതൽ ദരിദ്രരാവുന്നു; പട്ടിണി ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ പരക്കെ അനുഭവപ്പെട്ടുവരുന്നു. അമേരിക്കൻ ചേരിയും സോവിയററ്ചേരിയും മത്സരിച്ച് അണ്വായുധങ്ങൾ നിർമ്മിച്ച് റോക്കററുകളിൽ തൊടുത്ത് പരസ്പരം ചൂണ്ടി സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഭൂമിയുടെ പരിധിവിട്ട് അണ്വായുധപ്പന്തയം ബാഹ്യാന്തരീക്ഷത്തിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഒരു സൈനികാധികാരിയുടെ സംഭ്രാന്തിയോ, ഒരു യന്ത്രത്തിന്റെ സാങ്കേതികത്തകരാറോ മതി, മനുഷ്യവർഗത്തെ—ജീവമണ്ഡലത്തെത്തന്നെ—സർവ്വനാശത്തിന്റെ അഗ്നികുണ്ഡത്തിലേക്ക് വലിച്ചെറിയാൻ എന്നതാണ് ഇന്നത്തെ നില. യുദ്ധത്തെക്കാൾ ഭീകരമായ സമാധാനം.

മനുഷ്യവർഗത്തിന്റെ വിവേകത്തെയും സദ്ബുദ്ധിയെയും യുദ്ധത്തിനെതിരെ പ്രവർത്തനസജ്ജമാക്കേണ്ടതിന്റെ ആവശ്യം, ഇന്നത്തെപ്പോലെ, ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല. എല്ലാവരും സമാധാനം ആഗ്രഹിക്കുന്നുണ്ട്; പക്ഷേ, രാഷ്ട്രങ്ങൾ അന്യോന്യം പുലർത്തുന്ന അവിശ്വാസംമൂലം, സമാധാനത്തിനുവേണ്ടിയുള്ള ഫലപ്രദങ്ങളായ പ്രവർത്തനങ്ങൾ അപൂർവമായേ നടക്കുന്നുള്ളു.

വ്യത്യസ്ത രാഷ്ട്രങ്ങളുടെ പട്ടാളങ്ങൾ അന്യോന്യം വെടിവെക്കാതിരിക്കുന്നതു മാത്രമല്ല, സമാധാനം. രാജ്യങ്ങൾക്കുള്ളിലും സമാധാനത്തിന്റെ കാലാവസ്ഥ പുലരേണ്ടതുണ്ട്. ഒരു രാഷ്ട്രത്തിനകത്ത് വ്യത്യസ്ത ജനവിഭാഗങ്ങൾ തമ്മിലുള്ള ആഭ്യന്തരസംഘർഷങ്ങൾ, രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധമായി മാറിക്കൂടായ്കയില്ല. 'ഈഴം' പ്രശ്നം ഇന്ത്യയും ശ്രീലങ്കയും തമ്മിലും, സിഖ്പ്രശ്നം ഇന്ത്യയും പാകിസ്ഥാനും തമ്മിലുമുള്ള ബന്ധങ്ങളെ ആപത്ക്കരമാംവിധം ഉലച്ചിട്ടുള്ളതു നമ്മുടെ അനുഭവമാണല്ലോ. ഒരു രാഷ്ട്രത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങൾ തമ്മിലും, വ്യത്യസ്തരാഷ്ട്രങ്ങൾ തമ്മിലും സഹകരണവും പരസ്പരവിശ്വാസവും, ധാരണയും, നീതിയും പൂർണ്ണമായും പുലരുന്നതിനെ മാത്രമേ 'സമാധാനം' എന്നു വിളിച്ചുകൂടു.

സമാധാനത്തിന്റെ ആവശ്യകതയെപ്പററി അംഗരാജ്യങ്ങളെ ബോധവല്ക്കരിക്കുന്നതിനും, അവയ്ക്കിടയിൽ സഹകരണവും സംഘടിതപ്രയത്നങ്ങളും വളർത്തുന്നതിനും, എല്ലാ പ്രശ്നങ്ങളും കൂടിയാലോചനകളിലൂടെ സമാധാനപരമായി പരിഹരിക്കണമെന്ന നിർബന്ധം ജനതകളിൽ ഉളവാക്കുന്നതിനുംവേണ്ടി, 1986-ാമാണ്ട് 'അന്താരാഷ്ട്രീയ സമാധാനവർഷ'മായി ആചരിക്കണമെന്ന് ഐക്യരാഷ്ട്രസമിതിയുടെ ജനറൽ അസംബ്ലി തീരുമാനിച്ചിട്ടുണ്ട്. 'അന്താരാഷ്ട്രീയ യുവജനവർഷ'മായി പ്രഖ്യാപിക്കപ്പെട്ട 1985-ന്റെ മുദ്രാവാക്യങ്ങൾ 'പങ്കാളിത്തം, വികസനം, സമാധാനം' എന്നിവയാണല്ലോ. ഇവയിൽ 'സമാധാന'ത്തിൽ പ്രത്യേകം ഊന്നൽ നൽകുന്ന വിധത്തിലായിരിക്കും 1986—ലെ പരിപാടികൾ രൂപവല്ക്കരിക്കപ്പെടുക.

സമാധാനത്തെപ്പററി ഗൗരവപൂർണ്ണമായ ചർച്ചയും, സമാധാനം നിലവിൽ വരുത്തുന്നതിനുവേണ്ടിയുള്ള ആത്മാർത്ഥമായ പ്രവർത്തനവും ഈ ആണ്ടിൽ ലോകവ്യാപകമായി നടക്കണമെന്നാണ് ഉദ്ദേശ്യം. ലോകത്തിന്റെ ഏതു ഭാഗത്തുമുള്ള ഏതു പൗരനും ഈ പ്രയത്നങ്ങളിൽ ക്രിയാത്മകമായി സഹകരിക്കാൻ കഴിയും; കഴിയണം.

ഐക്യരാഷ്ട്രസമിതിയെയും അതിന്റെ വിവിധ ഘടകങ്ങളെയും അംഗരാഷ്ട്രങ്ങളെയും അവയിലെ ഗവണ്മെന്റ്—ഗവണ്മെന്റിതര-സംഘടനകളെയും, വിദ്യാഭ്യാസ—സാംസ്കാരിക—സ്ഥാപനങ്ങളെയും, ബഹു

ജനമാദ്ധ്യമങ്ങളെയും സമാധാനസ്ഥാപനത്തിനുവേണ്ടിയുള്ള യത്നങ്ങളായി ഉത്തേജിപ്പിക്കുക, ഐക്യരാഷ്ട്രസമിതിയിലും അതിന്റെ ഘടകങ്ങളിലും രാഷ്ട്രങ്ങൾക്കും ജനങ്ങൾക്കുമുള്ള വിശ്വാസം പുനഃസ്ഥാപിക്കുക, സമകാലലോകത്തിൽ സമാധാനം നിലനില്ക്കുന്നതിനാവശ്യമായ സാമൂഹ്യ പുരോഗതി, സുരക്ഷിതത്വം, ദേശീയസ്വാതന്ത്ര്യം, നീതി എന്നിവയുടെ പ്രാധാന്യം ഉദ്ബോധിപ്പിക്കുക, നിരായുധീകരണത്തിലും അണ്വായുധവ്യാപനം തടയുന്നതിലും ശ്രദ്ധപതിപ്പിക്കുക, വ്യത്യസ്ത രാഷ്ട്രങ്ങൾ തമ്മിലും വ്യത്യസ്ത ജനവിഭാഗങ്ങൾ തമ്മിലും സഹകരണവും ധാരണയും വളർത്തുക, സമാധാനജീവിതത്തിൽ വിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം, മതം, ബഹുജനമാദ്ധ്യമങ്ങൾ എന്നിവ വഹിക്കേണ്ട സുപ്രധാനമായ പങ്ക് എടുത്തുകാട്ടുകയും, ഈ പ്രവർത്തനങ്ങളിൽ സ്ത്രീകൾ, യുവജനങ്ങൾ, വയോധികർ, മുൻ പട്ടാളക്കാർ, വിദേശത്തൊഴിൽക്കാർ മുതലായ പ്രത്യേക ജനവിഭാഗങ്ങൾക്ക് താല്പര്യമുളവാക്കുകയുംചെയ്യുക, മനുഷ്യാവകാശങ്ങൾ നിലവിൽവരുത്തുന്നതിനും ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, സ്വച്ഛമായ പരിസ്ഥിതി എന്നീ മനുഷ്യവർഗത്തിന്റെ മൗലിക, ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും സമാധാനത്തിന്റെ അനുപേക്ഷണീയത വ്യക്തമാക്കുക എന്നിവയാണ് അന്താരാഷ്ട്രീയ സമാധാനവർഷാചരണത്തിന്റെ ലക്ഷ്യങ്ങളായി നിർദേശിക്കപ്പെട്ടിട്ടുള്ളത്.

ഈ ലക്ഷ്യങ്ങൾ നേടുന്നതിനായി ഐക്യരാഷ്ട്രസമിതിയും അതിന്റെ വിവിധ ഘടകങ്ങളും, അംഗരാഷ്ട്രങ്ങളും അവയിലെ ഗവണ്മെൻറ്–ഗവണ്മെൻറിതര–സ്ഥാപനങ്ങളും നടപ്പിൽ വരുത്തേണ്ട പരിപാടികളെപ്പററി ഏറെക്കുറെ വിശദങ്ങളായ നിർദേശങ്ങൾ ഇതിനകം ഐക്യരാഷ്ട്രസമിതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംഘർഷങ്ങളുടെ മൂലകാരണങ്ങളെപ്പററിയും, അവ സമാധാനപരമായി കൂടിയാലോചനകളിലൂടെ പരിഹരിക്കുന്നതിനെപ്പററിയും വിപുലമായ ഗവേഷണം സർവകലാശാലകളിലും തുല്യസ്ഥാപനങ്ങളിലും നടത്തണമെന്നും നിർദേശിക്കപ്പെട്ടിരിക്കുന്നു. സമാധാനം ഒരു സാർവത്രികാവശ്യമാക്കിത്തീർക്കുന്നതിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ നിർവഹിക്കേണ്ട കടമകൾ ഊന്നിപ്പറയപ്പെട്ടിട്ടുണ്ട്.

ഐക്യരാഷ്ട്രസമിതിയുടെ അംഗങ്ങളെന്ന നിലയിൽ അതാതു് രാഷ്ട്രങ്ങളിലെ സർക്കാരുകളാണ് അന്താരാഷ്ട്രീയ സമാധാന വർഷാചരണത്തിനു നേതൃത്വം നൽകേണ്ടതു്. എന്നാൽ, ഐക്യരാഷ്ട്രസമിതിയേയും അതിന്റെ ഘടകങ്ങളെയും എങ്ങനെയൊക്കെ നിരുപയോഗവും നിർവീര്യവുമാക്കുമെന്നതാണു പല സർക്കാരുകളുടെയും ലക്ഷ്യമെന്നു തോന്നത്തക്ക വിധത്തിലാണ് ഇപ്പോൾ അവരുടെ പ്രവർത്തനങ്ങൾ. യുദ്ധം നാമ്പിടുന്നതു് മനുഷ്യമനസ്സുകളിലാകയാൽ സമാധാനത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതു് മനുഷ്യമനസ്സുകളിലാണെന്ന ഉൾക്കാഴ്ചയോടെ രൂപവല്ക്കരിക്കപ്പെട്ട ഐക്യരാഷ്ട്ര വിദ്യാഭ്യാസ–ശാസ്ത്ര–സംസ്കാര–സംഘടന (യുനെസ്കോ) വൻശക്തികളുടെ മത്സരത്തിനിടയിൽ ഏറെക്കുറെ നിർജീവമായിരിക്കുകയാണല്ലോ.

അക്രമവാസന മനുഷ്യന്റെ കൂടപ്പിറപ്പാണോ?

അഹസ്താനി സഹസ്താനാം
അപദാനി ചതുഷ്പദാം
ഫല്ഗൂനി തത്ര മഹതാം
ജീവോ ജീവസ്യ ജീവനം

(കൈയുള്ളവ കൈയില്ലാത്തവയെ, കാലുള്ളവ കാലില്ലാത്തവയെ,

വലിയവ ചെറിയവയെ, കൊന്നതിനും, ജീവന്റെ ആഹാരം ജീവൻ ആണ്) എന്ന മഹാഭാരത പദ്യത്തിലടങ്ങിയതാണോ പാരൃന്തിക യാഥാർത്ഥ്യം? വ്യാപകങ്ങളായ അണ്വായുധ സ്ഫോടനങ്ങൾമൂലം ജീവമണ്ഡലം പൂർണമായി നശിക്കുകയും ഭൂമി ജീവന്റെ നിത്യശ്മശാനമായി മാറുകയുമെന്ന ഭീഷണയാഥാർത്ഥ്യത്തിനുപോലും മനുഷ്യനെ സമാധാനത്തിന്റെ പാതയിലേക്ക് ആനയിക്കാൻ കഴിയില്ലെന്നുണ്ടോ?

അതു് എങ്ങനെയിരുന്നാലും, രാഷ്ട്രങ്ങൾക്കകത്തുള്ള വ്യത്യസ്ത ജനവിഭാഗങ്ങൾക്കിടയിലും രാഷ്ട്രങ്ങൾ തമ്മിൽത്തമ്മിലുള്ള സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും സഹകരണത്തിന്റെ മേഖലകൾ വിശാലതരങ്ങളാക്കുന്നതിനുമുള്ള അത്മാർത്ഥ പരിശ്രമങ്ങൾ 'അന്താരാഷ്ട്രീയ സമാധാനവർഷ'ത്തിൽ നടന്നാൽ നന്ന്. ബഹുജനശക്തി ഉണരുകയും കർമ്മോന്മുഖമാവുകയുമാണെങ്കിൽ, ഈ ലക്ഷ്യത്തിലേക്ക പുരോഗതി ഉണ്ടായിക്കൂടായ്കയില്ല.

(16 മെയ്, 1985)